## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 339
27.02.2018 ലെ മറുപടിക്ക്

### 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | ശ്രീ. കെ. എൻ. ബാലഗോപാൽ<br>(ബഹു.ധനകാര്യവകുപ്പ് മന്ത്രി) |

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം ; | **<u>പുരാവസ്തു വകുപ്പ്</u>**<br>വകുപ്പിന്റെ ദീർഘകാലാടിസ്ഥാനത്തിൽ ഉള്ള സമഗ്ര വികസന പദ്ധതി.<br>**<u>ആർക്കൈവ്സ് ഡയറക്ടറേറ്റ്</u>**<br>ജനപങ്കാളിത്തത്തോടെ പഴയകാല റെക്കോർഡുകളുടെ ഡിജിറ്റൽ ആർക്കൈവ്സ് പദ്ധതി.<br>**<u>മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്</u>**<br>1. ടൈറ്റാനിയം ഫാക്ടറിയുടെ വിപുലീകരണത്തിനും ടൈറ്റാനിയം മെറ്റൽ കോംപ്ലക്സ് നിർമ്മാണത്തിനുമായുള്ള ഭൂമി ഏറ്റെടുക്കൽ<br>2. കരിമണൽ ഖനനം പൊതുമേഖലയിൽ വിപുലപ്പെടുത്തൽ പദ്ധതി<br>**<u>വ്യവസായ വകുപ്പ്</u>**<br>**കൈത്തറി ഡയറക്ടറേറ്റ്**<br>ഒരു വീട്ടിൽ ഒരു തറി പദ്ധതി<br>**കെ.എസ്.ഐ.ഡി.സി**<br>വ്യവസായ വളർച്ചാ കേന്ദ്രത്തിൽ സ്ത്രീകൾക്കായുള്ള ആശ്രയ പദ്ധതി<br>**വ്യവസായ വാണിജ്യ വകുപ്പ്**<br>1. എറണാകുളം, തൃശ്ശൂർ മേഖലയിലെ ഫർണിച്ചർ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാൻ ഒരു നൂതന അന്തർദ്ദേശീയ ഫർണ്ണിച്ചർ ഹബ്ബ് സ്ഥാപിക്കൽ<br>2.ചെറുകിട വ്യവസായ അസോസിയേഷന്റെ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ട്രസ്റ്റിലേയ്ക്ക് ഒരു കോടി രൂപ.<br>3.വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യം ഉണഭോക്തൃ പങ്കാളിത്തം കൂടി ആവശ്യം വരുന്ന രീതിയിൽ മെച്ചപ്പെടുത്തുന്നതിന് 25 കോടി രൂപ.<br>4.ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി 23.06 കോടി |

രൂപ.
5. സംരംഭകത്വ സഹായ പദ്ധതി.
6. നാനോ ഗാർഹിക ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി
7.എറണാകുളം ജില്ലയിൽ ഇന്നവേറ്റീവ് ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതിന് 600 ലക്ഷം രൂപ

**തൊഴിലും നൈപുണ്യവും വകുപ്പ്**

**ലേബർ വകുപ്പ്**

1. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് (ആവാസ്) പദ്ധതി
2. ബീഡി ചുരുട്ട് തൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി 20 കോടി രൂപ.

**വ്യാവസായിക പരിശീലന വകുപ്പ്**

1.ഐ.ടി.ഐകളുടെ ആധുനികവൽക്കരണം
2.പെരുമാട്ടി, വാമനപുരം, ചാത്തമംഗലം, ധർമ്മടം, ഹൊസ്ദുർഗ്ഗ്, കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഐ.ടി.ഐകളുടെ ആരംഭം
3.കളമശ്ശേരി ഐ.ടി.ഐ മോഡൽ ഐ.ടി.ഐ ആക്കി മാറ്റൽ
4.ജോബ്സ് ആന്റ് സ്കിൽസ് ഡവലപ്മെന്റ് പരിപാടികൾക്ക് M/s KASE ന് 35 കോടി രൂപ (സംസ്ഥാന നൈപുണ്യ വികാസ യജ്ഞം, മോഡൽ ഐ.ടി.ഐ, സ്കിൽ സ്ട്രെഗ്തനിംഗ് ഫോർ ഇൻഡസ്ട്രിയൽ വാല്യൂ എൻഹാൻസ്മെന്റ്)

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ്**

1. കെ-ഫോൺ
2. ഹാർഡ് വെയർ മിഷൻ

**വനം വന്യജീവി വകുപ്പ്**

മൃഗക്ഷേമം സംബന്ധിച്ച അന്തർ ദേശീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് കോട്ടൂരിൽ ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി

**ഭക്ഷ്യപൊതുവിതരണ വകുപ്പ്**

റേഷൻകടകളിലെ ഭക്ഷ്യധാന്യങ്ങളുടെ ചോർച്ചയും അതുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികളും കുറച്ചുകൊണ്ടുവരുന്നതിനായി കടകൾ കമ്പ്യൂട്ടർവത്കരിക്കുകയും ബയോമെട്രിക് ഉപകരണം (ഇ-പോസ്) സ്ഥാപിച്ച് ഭക്ഷ്യധാന്യങ്ങളുടെ വില്പന നടത്തുകയും അതുവഴി റേഷൻ വിതരണത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യുന്ന പദ്ധതി.

**പൊതുമരാമത്ത് വകുപ്പ്**

**ദേശീയപാത വികസനം**

1. കരമന- കളിയിക്കാവിള രണ്ടാം ഘട്ടം
2. കഴക്കൂട്ടം കേശവദാസപുരം റോഡിന്റെ നിർമ്മാണം

3. കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം
4. തീരദേശ ഹൈവേയുടെ നിർമ്മാണം

**കെട്ടിട വിഭാഗം**

തിരുവനന്തപുരം

1. എം.എൽ.എ ഹോസ്റ്റലിലെ പമ്പാ ബ്ലോക്കിന് പകരം പുതിയ ബഹുനില കെട്ടിട നിർമ്മാണം
2. ഗവൺമെന്റ് പ്രസ്സുകളുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം

പത്തനംതിട്ട

1. വെച്ചൂച്ചിറ കോളനി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
2. കോന്നി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
3. അടൂർ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ
4. കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ
5. പെരിങ്ങനാട് റ്റി. എം. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
6. അടൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
7. ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
8. കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
9. നാരങ്ങാനം ഗവൺമെന്റ് ഹൈസ്കൂൾ
10. കുന്നത്താനം പാലക്കൽ തകിടി സെന്റ്മേരീസ് ഗവൺമെന്റ്ഹൈസ്കൂൾ

ആലപ്പുഴ

1. താലൂക്ക് ആശുപത്രി, മാവേലിക്കര
2. തുറവൂർ ആലപ്പുഴ ജനറൽ ആശുപത്രി
3. ചന്തിരൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
4. ചേർത്തല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
5. മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
6. കിടങ്ങറ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
7. കുട്ടനാട് വട്ടേനാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
8. തുറവൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
9. അമ്പലപ്പുഴ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
10. ഹരിപ്പാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
11. കലവൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
12. കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
13. മുളക്കുഴ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
14. മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
15. പല്ലാരിമംഗലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
16. രാമപുരം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
17. മംഗലം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
18. നാലുചിറ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
19. എസ്.എൽ. പുരം ജി.എസ്.എം.എച്ച്.എസ്.എസ്.
20. ചാരമംഗലം ഗവ.ഡി.വി.എച്ച്.എസ്.എസ്.
21. ചേർത്തല സൗത്ത് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
22. തിരുനെല്ലൂർ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
23. കാക്കാഴം ഗേൾസ് ഹൈസ്കൂൾ

24. പൊള്ളേത്തൈ ഗേൾസ് ഹൈസ്കൂൾ
25. മണ്ണഞ്ചേരി ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
26. ആര്യാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
27. ഫയർ ഫോഴ്സ് കോംപ്ലക്സ്, ആലപ്പുഴ
28. ഗവൺമെന്റ് ക്വാർട്ടേഴ്സ് & വിമൻസ് ഹോസ്റ്റൽ, ആലപ്പുഴ

<u>ഇടുക്കി</u>

1. ഓട്ടിസം പാർക്കിന്റെ നിർമ്മാണം
2. സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ -

   ജി.എച്ച്.എസ്.എസ്, മുണ്ടിയെരുമ
   ജി.എച്ച്.എസ്.എസ്, തൊട്ടുപുഴ
   ജി.എച്ച്.എസ്.എസ്, മുരിക്കാട്ടുകുടി
   ജി.എച്ച്.എസ്.എസ്, കഞ്ചിത്തണ്ണി
   ജി.എച്ച്.എസ്.എസ്, വണ്ടിപ്പെരിയാർ
3. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി-

   ഗവ.റ്റി.എച്ച്.എസ്.എസ്, പൂമാല
   ഗവ.റ്റി.എച്ച്.എസ്.എസ്, രാജാക്കാട്
   ഗവ.എച്ച്.എസ്, അടിമാലി

<u>എറണാകുളം</u>

1. ചേന്ദമംഗലം ജി.എച്ച്.എസ്.എസ്
2. ഫോർട്ട് കൊച്ചി ഗവൺമെന്റ് ഇ എം ജി എച്ച് എസ് എസ്
3. എളമക്കര ജി.എച്ച്.എസ്.എസ്

<u>കോഴിക്കോട്</u>

പി.ടി. ഉഷ അക്കാദമി

<u>കണ്ണൂർ</u>

1. സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ-

   കറുമാത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
   വളപട്ടണം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   തോട്ടട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   കരിവെള്ളൂർ എ.വി.സ്മാരക ഗവ. എച്ച്.എസ്.എസ്
   ചെറുതാഴം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   ശ്രീകണ്ഠാപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   പെരളശ്ശേരി എ.കെ.ജി സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   ചിറക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   പാട്യം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   മുഴക്കുന്ന് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
   ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

2. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള രണ്ടാമത്തെ പൊതു വിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട സ്കൂളുകൾ -

കതിരൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
ചെറുകുന്ന് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
ചാവശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
വേങ്ങാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
ചാല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
കണ്ണാടിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
ഇരിക്കൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
മയ്യിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
മാതമംഗലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

3. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് - ധർമ്മടം മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ നിർമ്മാണം

**<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്</u>**

1. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം
2. സർക്കാർ പോളിടെക്നിക് കോളേജുകളുടെ വികസനം
3. സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം
4. പോളിടെക്നിക്കുകളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ
5.നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെൽ വഴി നടപ്പിലാക്കുന്ന പുനർജ്ജനി എന്ന പദ്ധതി

**<u>കോളേജ് വിദ്യാഭ്യാസ വകുപ്പ്</u>**

1.ഉന്നതതല വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സെല്ലുകളുടെ രൂപീകരണം
2. കൈരളി റിസർച്ച് അവാർഡ്.

**<u>ആരോഗ്യ -കുടുംബക്ഷേമ വകുപ്പ്</u>**

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള പഠനത്തിനും ഗവേഷണങ്ങൾക്കും വേണ്ടി അന്തർ ദേശീയ നിലവാരത്തിലുള്ള ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി.

**ഹോമിയോ വകുപ്പ്**

പുതിയ 10 ഹോമിയോ ഡിസ്പെൻസറികളുടെ ആരംഭം

**ഭാരതീയ ചികിത്സാ വകുപ്പ്**

1. വിദ്യാലയ ആരോഗ്യ പദ്ധതികൾ
2. ജീവനി- പുനർന്നവ
3. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം

4. പകർച്ചവ്യാധികളും പ്രകൃതി ദുരന്തവും തടയൽ

5. ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും

6. ദേശീയ ആയുഷ് മിഷൻ

7. സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്

8. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്കരണവും

9. നിർമ്മാണ പ്രവർത്തനങ്ങൾ

10 .ഔഷധി

11. കാസർഗോഡ് ജില്ലയിലെ എന്റോസൾഫാൻ ബാധിത പ്രദേശത്തെ കുടുംബങ്ങളിൽ ആരോഗ്യമുള്ള കുട്ടികൾ ഉണ്ടാകുന്നതിനായി മാതാപിതാക്കൾക്ക് ആയുർവേദ ആരോഗ്യ പരിചരണം നടത്തുന്ന നിർവിഷ പദ്ധതി

**ആരോഗ്യ വകുപ്പ്**

ആർദ്രം പദ്ധതിയുടെ ഭാഗമായി നാല്പ പുതിയ പദ്ധതികൾ

1.ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുക.

2.പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.

3.പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുക.

4.രോഗീ സൗഹൃദ ആശുപത്രി സംവിധാനങ്ങൾ വികസിപ്പിക്കും

5.നഴ്സിംഗ് സേവനം ശക്തിപ്പെടുത്തൽ

6.തിരുവനന്തപുരം ജില്ലയിൽ ഒരു അത്യന്താധുനിക രക്ത ബാങ്ക് സ്ഥാപിക്കുന്ന പദ്ധതി.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

1. 8 മെഡിക്കൽ കോളേജുകളിൽ ഒ.പി ട്രാൻസ്ഫർമേഷൻ

2. രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ

3. മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും, വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപണികളും

**ടൂറിസം വകുപ്പ്**

1. മാർക്കറ്റിംഗിനായി 75 കോടി രൂപ

2.നിശാഗന്ധി ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ, ഓണാഘോഷം, ട്രൈബൽ ഡാൻസ് ഫെസ്റ്റിവൽ, പൂരം, തെയ്യം, ഉത്സവങ്ങൾ, വള്ളംകളി മത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചാരം നൽകുന്നതിനും ഉള്ള പദ്ധതികൾ

3 .ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം നൽകുന്നതിനും വള്ളംകളി പ്രോത്സാഹനത്തിനുമുള്ള പദ്ധതികൾ

4. കേരള ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷനടക്കം വിവിധ ടൂറിസം സ്ഥാപനങ്ങൾക്ക് 22 കോടി രൂപ വകയിരുത്തി.

5. ടൂറിസം ഗസ്റ്റ്ഹൗസുകളുടെ അപ്ഗ്രേഡേഷനും ഗുരുവായൂർ, തിരുവനന്തപുരം, സുൽത്താൻബത്തേരി, പീരുമേട്,കോഴിക്കോട്, പൊൻമുടി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും 31 കോടി രൂപ വകയിരുത്തി.

6. ടൂറിസം പ്രോജക്ടുകൾ, മുസിരിസ് ഹെറിറ്റേജ് പ്രോജക്ടും പുതുതായി

| | | |
|---|---|---|
| | | ഏറ്റെടുക്കാൻ പോകുന്ന തലശ്ശേരി, ആലപ്പുഴ സ്പൈസ് റൂട്ട് പ്രോജക്ടുകളുമാണ്.<br>7. ആലപ്പുഴയിലെ ആദ്യത്തെ രണ്ട് മ്യൂസിയങ്ങൾ (തോമസ് നോർട്ടൺ സ്മാരകം, കയർ മ്യൂസിയം) 2017-18 -ൽ പൂർത്തീകരിക്കൽ.<br>8.തലശ്ശേരി ജില്ലാ കോടതിയെ പൈതൃക സംരക്ഷണ ശൃംഖലയിൽ ഏറ്റെടുക്കുന്ന പദ്ധതി.<br>9. കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, അതിരപ്പള്ളി, വയനാട്, വർക്കല, നെയ്യാർ, അഷ്ടമുടി, തെന്മല, ശബരിമല, വേമ്പനാട്, വാഗമൺ, ചെറായി, പീച്ചി, ഗുരുവായൂർ, മലമ്പുഴ, നെല്ലിയാമ്പതി, നിള, നിലമ്പൂർ, കാപ്പാട്, ഇരിങ്ങൽ, തുഷാരഗിരി എന്നിവയുടെയും മറ്റു ചെറുകിട ഡെസ്റ്റിനേഷനുകളുടെയും പശ്ചാത്തല സൗകര്യവികസനം<br>10. പാതിരാമണൽ ഇക്കോടൂറിസം പദ്ധതി പുനരുജ്ജീവിപ്പിക്കൽ<br>11. മലബാറിലെ കായലുകളും നദികളും കൂട്ടിയിണക്കി ടൂറിസം വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br><br>**<u>വനിതാ ശിശുക്ഷേമ വകുപ്പ്</u>**<br><br>1. അങ്കണവാടി കെട്ടിടനിർമ്മാണം<br>2. ആഫ്റ്റർ കെയർ ഹോം<br><br>**<u>റവന്യൂ വകുപ്പ്</u>**<br><br>**ലാന്റ് റവന്യൂ കമ്മീഷണറേറ്റ്**<br><br>1. തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ ഓരോ റവന്യൂ ഡിവിഷനൽ ഓഫീസുകൾ.<br>2. കുന്നംകുളം, പയ്യന്നൂർ താലൂക്ക് ഓഫീസ് രൂപീകരണം<br>3. 60 വില്ലേജുകളെ സ്മാർട്ട് ഓഫീസാക്കാൻ 15 കോടി രൂപ<br>4. കമ്പ്യൂട്ടറൈസേഷൻ ശക്തിപ്പെടുത്തുന്നതിന് 16 കോടി രൂപ<br>5. വില്ലേജ് ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 15 കോടി<br>6. സ്റ്റാഫ് ക്വാർട്ടേഴ്സിന് 8 കോടി രൂപ.<br><br>**സർവ്വേയും ഭൂരേഖയും വകുപ്പ്**<br><br>ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റെക്കോർഡ് സർവീസ് ഡെലിവറി പ്രോജക്ട്.<br><br>**<u>തുറമുഖ വകുപ്പ്</u>**<br><br>1. വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിന്റെ ഫീഡർ തുറമുഖമായി ഇന്നുള്ള കാർഗോ പോർട്ട് വികസിപ്പിക്കുന്ന പദ്ധതിയ്ക്ക് 22 കോടി രൂപ<br>2. തങ്കശ്ശേരി, മുനമ്പം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾക്ക് 46 കോടി രൂപ<br>3. പൊന്നാനി തുറമുഖം പി.പി.പി മാതൃകയിൽ വികസിപ്പിക്കുന്ന പദ്ധതി.<br>4.ആലപ്പുഴ മറീന തുറമുഖത്തിന് 7.3 കോടി രൂപയും മറ്റ് ചെറുകിട തുറമുഖങ്ങൾക്ക് 4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.<br>5. തുറമുഖ ഡ്രഡ്ജിംഗിന് 13 കോടി രൂപ |

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

പോർട്ട് മേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നവീകരണത്തിന് 11 കോടി രൂപ

**കേരളീയ പ്രവാസികാര്യ വകുപ്പ്**

നോർക്ക - ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിന്റെയും ഡേറ്റബേയ്സിന്റെയും രൂപീകരണം, കമ്പോള ഗവേഷണം, നൈപുണ്യ നിയമനത്തോടനുബന്ധിച്ച് അതിന് മുൻപും ശേഷവും ഉള്ള സേവനങ്ങൾ, ലോക കേരളസഭ, ആഗോള സാംസ്കാരിക ഉത്സവം തുടങ്ങിയ പദ്ധതികൾ

**ഗതാഗതവകുപ്പ്**

1.സംസ്ഥാന ജല ഗതാഗത വകുപ്പിന് മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം റൂട്ടുകളിൽ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും കൊല്ലത്ത് സീ– അഷ്ടമുടി എന്ന പേരിൽ പാസ്സഞ്ചർ ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിനും 22 കോടി രൂപ.

2.കെ.എസ്.ആർ.റ്റി.സി യ്ക്ക് 2017-18 ലെ ബഡ്ജറ്റിൽ വിവിധ സ്കീമുകളിലായി 44.68 കോടി രൂപ അനുവദിക്കുകയുണ്ടായി.

3.കിഫ്ബിയിൽ നിന്നും സി.എൻ.ജി ബസ്സുകൾ ആരംഭിക്കുന്നതിനായി 3000 കോടി രൂപയും വായ്പാ ഇനത്തിൽ 200 കോടി രൂപയും അനുവദിച്ചു.

**സി.എസ്.ഐ.എൻ വകുപ്പ്**

1. ഇൻലാന്റ് നാവിഗേഷൻ കനാൽ വികസനവുമായി ബന്ധപ്പെട്ട് കനാലുകൾ, ബോട്ട് ജെട്ടികൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് 70 കോടി രൂപ

2. ഫീഡർ കനാലുകളുടെ വികസനത്തിന് നബാർഡിൽ നിന്ന് 50 കോടി രൂപ

3. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 5.85 കോടി രൂപ

**ഭവന നിർമ്മാണ വകുപ്പ്**

ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കീഴിൽ നടപ്പാക്കുന്ന ആശ്വാസ് റെന്റൽ സ്കീം പദ്ധതി

**ആഭ്യന്തര വകുപ്പ്**

1.പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി കേന്ദ്രവിഹിതമടക്കം 50 കോടി രൂപ നാഷണൽ മോഡേണൈസേഷൻ ഓഫ് പോലീസ് ഫോർസസ് പദ്ധതി.

2. പുതിയ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ

3. പോലീസ് ഡിപ്പാർട്ട്മെന്റിന്റെ സാങ്കേതിക നവീകരണത്തിന് 12 കോടി രൂപ.

4. വിമൻ ബറ്റാലിയൻ ഉണ്ടാക്കുന്നതിന്റെ ഭാഗമായി 430 പോസ്റ്റുകൾ

5. ബറ്റാലിയനുകളിൽ കമാൻഡോ പ്ലറ്റൂൺ ആരംഭിക്കുന്നതിന് 210 പുതിയ തസ്തികകൾ അനുവദിക്കുന്നു.

6. 400 ഡ്രൈവർമാരുടെ പോസ്റ്റുകൾ സൃഷ്ടിക്കുന്നു.
7.നടപ്പ വർഷം 100 സ്കൂളുകളിൽ കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആരംഭിക്കുന്നതിന് 9 കോടി രൂപ.
8. ജൻഡർ അവബോധം ഉയർത്തുന്നതിനും സ്ത്രീ സൗഹൃദ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും 6 കോടി രൂപ.
9.മട്ടന്നൂർ എയർ പോർട്ട്, പന്തീരാംകാവ്, മേൽപ്പറമ്പ്, കണ്ണനല്ലൂർ, ഉടുമ്പഞ്ചോല, ഇലവുംതിട്ട എന്നീ ആറ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കൽ.

**<u>സാംസ്കാരികകാര്യ വകുപ്പ്</u>**

1.ആധുനിക നിലവാരത്തിലുള്ള തീയറ്റർ സമുച്ചയം സ്ഥാപിക്കുന്നതിന് കെഎസ്എഫ്ഡിസി യ്ക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിക്കുന്ന നടപടി
2. 1000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്
3.പ്രത്യേക ക്യൂറേറ്റർമാരുടെ സഹായത്തോടെ മ്യൂസിയങ്ങൾ പുനർസംവിധാനം
4. ജനപങ്കാളിത്തത്തോടെ റെക്കോർഡുകളുടെ ഡിജിറ്റൽ ആർക്കൈവ്സ്
5. ദീർഘകാല ആർക്കിയോളജി സമഗ്ര പദ്ധതി
6.ആലപ്പുഴയിലെ ആസ്പിൻവാൾ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്നും വിലക്ക വാങ്ങുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി
7.കലാകാരൻമാർക്ക് മിനിമം വേതനം ഉറപ്പവരുത്തിക്കൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ നാടക അവതരണത്തിന് സ്ഥിരം വേദി
8. ഒ.എൻ.വി യുടെ പേരിൽ സാംസ്കാരിക സമുച്ചയ നിർമ്മാണം.

**<u>രജിസ്ട്രേഷൻ വകുപ്പ്</u>**

1. ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ.
2. ഇ-സ്റ്റാമ്പിംഗ് പദ്ധതി
3.100 വർഷത്തിലധികം പഴക്കമുള്ള 53 കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി.

**<u>ശാസ്ത്ര സാങ്കേതിക വകുപ്പ്</u>**

1.സലിംഅലി ഫൗണ്ടേഷന്റെ വെള്ളാങ്ങല്ലൂർ വികസന പദ്ധതിക്കായി 10 ലക്ഷം രൂപ ഒറ്റത്തവണ ധനസഹായം.
2.എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കാർഷിക ജൈവ വൈവിധ്യ കേന്ദ്രത്തിനായി 50 ലക്ഷം രൂപ.

**<u>സഹകരണ വകുപ്പ്</u>**

1. കേരള സഹകരണ ബാങ്ക് രൂപീകരണം.
2. റബ്കോ പുനരുദ്ധാരണ സ്കീം
3.സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ പുനസംഘാടനത്തിന്റെ ഭാഗമായി സർക്കാരിലുള്ള കടങ്ങൾ ഷെയറാക്കി മാറ്റുകയും പലിശ എഴുതിത്തള്ളുകയും ചെയ്യുന്ന പദ്ധതി.

**കായിക വകുപ്പ്**

1. പി.റ്റി. ഉഷ അക്കാദമി ഒരു കോടി രൂപ
2. പറളി സ്കൂൾ മിനി സ്റ്റേഡിയം
3. മേപ്പയ്യൂർ സ്കൂൾ മിനി സ്റ്റേഡിയം
4. ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
5. ഫറോഖ് ഗണപതി സ്കൂൾ മിനിസ്റ്റേഡിയം
6. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം
7. പയ്യന്നൂർ മുൻസിപ്പൽ സ്റ്റേഡിയം
8. തിരൂർ ഫുട്ബോൾ സ്റ്റേഡിയം
9. തൃശ്ശൂർ അക്വാട്ടിക്ക് കോംപ്ലക്സ്
10. വടകര ഇൻഡോർ സ്റ്റേഡിയം
11. പുനലൂർ മുൻസിപ്പൽ സ്റ്റേഡിയം

12.പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിക്കുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റ്

**കൃഷി വകുപ്പ്**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

1.സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതാണ്.

2.പ്രാദേശിക സവിശേഷതകൾ ഉള്ള കാർഷികോല്പന്നങ്ങളുടെ കൃഷി- അട്ടപ്പാടി മേഖലയിൽ മില്ലറ്റ് വില്ലേജ് ഉൾപ്പെടെ ആദിവാസി മേഖലകളിൽ റാഗി, മില്ലറ്റ് തുടങ്ങിയ വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനും മറയൂർ ശർക്കര പോലുള്ളവയ്ക്ക് പ്രോത്സാഹനം നൽകുന്നതിനുമായുള്ള പദ്ധതി

3.കേരളത്തിലെ ജൈവ വൈവിധ്യം തനത് ഇനങ്ങളുടെ ജേം പ്ലാസം സംരക്ഷിക്കുന്നതിനുള്ള പദ്ധതി.

4.വയനാട് പാക്കേജിൽ വയനാടിന്റെ തനത് നെല്ലിനങ്ങളുടെ പ്രോത്സാഹനം

5.നെല്ല്, പച്ചക്കറി, വാഴ, പൂക്കൾ, നാളികേരം എന്നിവയ്ക്കായി പ്രത്യേക കാർഷിക മേഖലകളിലെ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന പദ്ധതി.

**ധനകാര്യ വകുപ്പ്**

**ട്രഷറി ഡയറക്ടറേറ്റ്**

1.ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം സമ്പൂർണ്ണമായും പ്രാവർത്തികമാക്കുന്ന പദ്ധതി.

2.ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർബാങ്കിംഗ് പൂർത്തിയാക്കൽ.

3.മൊബൈൽ ആപ്ലിക്കേഷൻ വഴി ട്രഷറിയിൽ സർക്കാർ സേവനങ്ങളുടെ ബിൽ അടയ്ക്കുന്നതിനും പെൻഷൻ, ശമ്പള ഇടപാടുകാർക്ക് മൊബൈൽ വഴി സേവനങ്ങൾ ഉപയോഗപ്പെടുത്താനും കഴിയുന്ന പദ്ധതി.

4.ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ട് വഴി വാങ്ങുന്നതിന് അവകാശവും ഈ രീതി സ്വീകരിക്കുന്നവർക്ക് ട്രഷറിയിലെ ക്യാഷ് ബാലൻസിന് മെച്ചപ്പെട്ട പലിശയും നൽകുന്ന പദ്ധതി.

5.തങ്ങളുടെ അക്കൗണ്ടിലെ വിശദാംശങ്ങൾ അറിയുന്നതിന് പബ്ലിക് പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി. ഇന്ത്യയിൽ ഏറ്റവും മികച്ച

| | | |
|---|---|---|
| | | ട്രഷറി സംവിധാനം കേരളത്തിലേതാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.<br>6.രണ്ടാം ഘട്ട ട്രഷറി സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കും.<br>7. ട്രഷറി ഭൗതിക സൗകര്യ നവീകരണം<br><br>**കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ**<br><br>കെ.എസ്ഐ.ഡി.സി. , കെ. എഫ്. സി. എന്നിവ വഴി 1500 സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി<br><br>**<u>സാമൂഹ്യ നീതി വകുപ്പ്</u>**<br><br>1. ഡിസെബിലിറ്റി റിസർച്ച് കമ്മിറ്റി<br>2. ബാരിയർ ഫ്രീ പദ്ധതിയ്ക്കായി 15 കോടി രൂപ.<br>3. ഓട്ടിസം പാർക്കിനായി 7 കോടി രൂപ<br>4. സ്ത്രീകൾക്കു വേണ്ടി പ്രത്യേക വകുപ്പ് രൂപീകരണം<br>5.ട്രാൻസ് ജൻഡറുകൾക്ക് പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ആരോഗ്യ സഹായം, സംഘടനകൾക്കും മേളകൾക്കും ധനസഹായം എന്നിവ നൽകുന്നതിലേയ്ക്കായി 10 കോടി രൂപ അധിക വകയിരുത്തൽ<br><br>**<u>ഫിഷറീസ് വകുപ്പ്</u>**<br><br>1.ഉൾനാടൻ മത്സ്യമേഖലയ്ക്ക് 49 കോടി രൂപ. കായൽ അലങ്കാര മത്സ്യകൃഷി പദ്ധതി പുനരുദ്ധരിക്കൽ.<br>2. കടൽവിഭവശോഷണത്തിന് എതിരെയുള്ള ഇടപെടലുകൾക്ക് 5 കോടി രൂപ.<br>3.പഞ്ഞമാസ സമാശ്വാസ പദ്ധതി 3600 രൂപ വീതം ഉറപ്പ വരുത്തുന്നതിന് ആവശ്യമായ അധിക പണം അനുവദിക്കൽ<br>4.മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് നഷ്ടപരിഹാര തുക മരിക്കുന്നവർക്കും കാണാതാകുന്നവർക്കും 10 ലക്ഷം രൂപയായും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 5 ലക്ഷം രൂപയായും ഉയർത്തുന്ന പദ്ധതി.<br>5. അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി.<br>6. മത്സ്യബന്ധനോപകരണങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി.<br>7. മറൈൻ ആംബുലൻസിനായി 2 കോടി രൂപ.<br>8. മണ്ണെണ്ണ സബ്സിഡിയ്ക്കായി 25 കോടി രൂപ.<br>9. കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ സ്കീമിൽ സംസ്ഥാന വിഹിതമടക്കം 40 കോടി രൂപ. ഇത് മുഖ്യമായും മത്സ്യകൃഷിക്കും മൂല്യവർദ്ധന പ്രവർത്തനങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തൽ<br>10. തീരദേശ വികസനത്തിന് 216 കോടി രൂപ. 24851 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടൽ തീരത്ത് നിന്ന് 50 മീറ്റർ ദൂരത്തിനുള്ളിലാണ് താമസിക്കുന്നത്. ഇവരിൽ ഒരു വിഭാഗം അതീവ അപകട മേഖലയിലാണ്. ഇവരുടെ പുനരധിവാസത്തിനുവേണ്ടി 150 കോടി രൂപ. തീരത്ത് ജൈവസംരക്ഷണ ഭിത്തി സൃഷ്ടിക്കുവാൻ ഇതു സഹായിക്കും. തീരദേശത്തെ റോഡ് ഒഴികെയുള്ള മറ്റു വികസന പരിപാടികൾക്ക് 56 കോടി രൂപ വകയിരുത്തി.<br>11. തീരദേശവികസനത്തിന് 20 കോടി രൂപ നബാർഡിന്റെ ധനസഹായം<br>12.വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പുനരധിവാസത്തിന് മുൻഗണന നൽകുന്നതിന് ആവശ്യമായ പണം |

| | | |
|---|---|---|
| | | അധികമായി അനുവദിക്കുന്നതിന് നടപടി<br>13. മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനുവേണ്ടി 50 കോടി രൂപ.<br><br>**<u>മൃഗസംരക്ഷണ വകുപ്പ്</u>**<br><br>1. കന്നുകാലി ഇൻഷ്വറൻസ്<br>2. കന്നുകാലി പരിപാലന പദ്ധതി<br><br>**<u>ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്</u>**<br><br>1.അഗ്നിശമന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടി 39 കോടി രൂപ വകയിരുത്തുന്നു.<br>2. അത്തൂർ, കൊയിലാണ്ടി, കോങ്ങാട്, സെക്രട്ടേറിയറ്റ്, പത്മനാഭ സ്വാമി ക്ഷേത്രം എന്നിവിടങ്ങളിൽ അഗ്നിശമന സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി |
| (ബി) | ഇവയിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം ; | **<u>പൊതുമരാമത്ത് വകുപ്പ്</u>**<br><br>**<u>കെട്ടിട വിഭാഗം</u>**<br><br><u>തിരുവനന്തപുരം</u><br><br>ഗവൺമെന്റ് പ്രസ്സുകളുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം<br><br><u>ആലപ്പുഴ</u><br><br>1. താലൂക്ക് ആശുപത്രി, മാവേലിക്കര<br>2. തുറവൂർ ആലപ്പുഴ ജനറൽ ആശുപത്രി<br>3. ചന്തിരൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ<br>4. ചേർത്തല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ<br>5. മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>6. കിടങ്ങറ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>7. കുട്ടനാട് വട്ടേനാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ<br>8. തുറവൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>9. അമ്പലപ്പുഴ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ<br>10. ഹരിപ്പാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>11. കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>12. മുളക്കുഴ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ<br>13. മാവേലിക്കര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>14. പല്ലാരിമംഗലം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ<br>15. രാമപുരം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>16. മംഗലം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>17. മണ്ണഞ്ചേരി ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>18. ചാരമംഗലം ഗവ.ഡി.വി.എച്ച്.എസ്.എസ്.<br>19. ചേർത്തല സൗത്ത് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>20. തിരുനെല്ലൂർ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ<br>21. കാക്കാഴം ഗേൾസ് ഹൈസ്കൂൾ<br>22. പൊള്ളേത്തൈ ഗേൾസ് ഹൈസ്കൂൾ |

23. ആര്യാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
24. ഫയർ ഫോഴ്സ് കോംപ്ലക്സ്, ആലപ്പുഴ
25. ഗവൺമെന്റ് ക്വാർട്ടേഴ്സ് & വിമൻസ് ഹോസ്റ്റൽ, ആലപ്പുഴ

<u>ഇടുക്കി</u>

1.സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ-
ജി.എച്ച്.എസ്.എസ്, മുണ്ടിയെരുമ
ജി.എച്ച്.എസ്.എസ്, തൊടുപുഴ
ജി.എച്ച്.എസ്.എസ്, മുരിക്കാട്ടുകുടി
ജി.എച്ച്.എസ്.എസ്, കഞ്ചിത്തണ്ണി
ജി.എച്ച്.എസ്.എസ്, വണ്ടിപ്പെരിയാർ
2. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി-
ഗവ.റ്റി.എച്ച്.എസ്.എസ്, പൂമാല
ഗവ.റ്റി.എച്ച്.എസ്.എസ്, രാജാക്കാട്
ഗവ.എച്ച്.എസ്, അടിമാലി

<u>എറണാകുളം</u>

1. ചേന്ദമംഗലം ജി.എച്ച്.എസ്.എസ്
2. ഫോർട്ട് കൊച്ചി ഗവൺമെന്റ് ഇ എം ജി എച്ച് എസ് എസ്
3. എളമക്കര ജി.എച്ച്.എസ്.എസ്

<u>കോഴിക്കോട്</u>

പി.ടി. ഉഷ അക്കാദമി

<u>കണ്ണൂർ</u>

1. സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ -
കരിവെള്ളൂർ എ.വി.സ്മാരക ഗവ. എച്ച്.എസ്.എസ്
ശ്രീകണ്ഠാപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
മുഴക്കുന്ന് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
കുറുമാത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
വളപട്ടണം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
ചെറുതാഴം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

2. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള രണ്ടാമത്തെ പൊതു വിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട സ്കൂളുകൾ -
ഇരിക്കൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
ചെറുകുന്ന് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
കണ്ണാടിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

**<u>സി.എസ്.ഐ.എൻ വകുപ്പ്</u>**

1.സി.എസ്.ഐ.എൻ.ഡി. കൊറ്റി- കോട്ടപ്പുറം(നീലേശ്വരം) ജലഗതാഗത പാതയിൽ പല ഭാഗത്തായി 7 ബോട്ട് ജെട്ടികളുടെ നിർമ്മാണം - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

| | | |
|---|---|---|
| | | 2. കോഴിക്കോട് ജില്ലയിലെ തയ്യിൽ പാലത്ത് വടകര- മാഹി കനാലിന് കുറുകെ നടപ്പാതയോട്ടു കൂടിയ റോഡ് ബ്രിഡ്ജിന്റെ നിർമ്മാണം - ഡിപിആർ തയ്യാറാക്കി വരുന്നു.<br><br>**ആഭ്യന്തര വകുപ്പ്**<br><br>1.പുതിയ സൈബർ ക്രൈം ഡിവിഷൻ സംബന്ധിച്ച ഭരണാനുമതി നൽകിയിട്ടില്ല.<br>2.പിങ്ക് കൺട്രോൾ റൂമുകൾക്ക് 18 വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ എത്ര ; | 94 പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.<br><br>വിവിധ വകുപ്പുകൾ നൽകിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | **കോളേജ് വിദ്യാഭ്യാസ വകുപ്പ്**<br><br>ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സർക്കിളുകളുടെ രൂപീകരണം സാദ്ധ്യമായിട്ടില്ല. |

Dinsha

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## ഭരണാനുമതി/ സാങ്കേതികാനുമതി നൽകിയ പദ്ധതികൾ

**പുരാവസ്തു വകുപ്പ്**

1.വകുപ്പിന്റെ ദീർഘകാലാടിസ്ഥാനത്തിൽ ഉള്ള സമഗ്ര വികസന പദ്ധതി – വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു രൂപരേഖ തയ്യാറാക്കുന്നതിന് ഡോ. മൈക്കിൾ തരകൻ അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതി രൂപീകരിച്ച സർക്കാർ ഉത്തരവാകുകയും തുടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. മേൽ പദ്ധതിയ്ക്ക് ഭരണാനുമതിയും ആവശ്യമായ മറ്റു അനുമതിയും നൽകിയിട്ടുണ്ട്.

**ആർക്കൈവ്സ് ഡയറക്ടറേറ്റ്**

പങ്കാളിത്ത ഡിജിറ്റലൈസേഷനും ആർക്കൈവ്സിന്റെ വികസനവും പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ആവശ്യമില്ല.

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്**

1.ടൈറ്റാനിയം ഫാക്ടറിയുടെ വിപുലീകരണത്തിനും ടൈറ്റാനിയം മെറ്റൽ കോംപ്ലക്സ് നിർമ്മാണത്തിനുമായുള്ള ഭൂമി ഏറ്റെടുക്കൽ
2.കരിമണൽ ഖനനം പൊതുമേഖലയിൽ വിപുലപ്പെടുത്തൽ പദ്ധതി
(മേൽ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ആവശ്യമില്ല)

**വ്യവസായ വകുപ്പ്**

**കൈത്തറി ഡയറക്ടറേറ്റ്**

ഒരു വീട്ടിൽ ഒരു തറി പദ്ധതിയ്ക്ക് ഭരണാനുമതി നൽകി, നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ഐ.ഡി.സി**

വ്യവസായ വളർച്ചാ കേന്ദ്രത്തിൽ സ്ത്രീകൾക്കായുള്ള ആശ്രയ പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ അനുമതിയ്ക്ക് ശേഷം ഡിപ്പോസിറ്റ് വർക്കായി നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

**വ്യവസായ വാണിജ്യ വകുപ്പ്**

വ്യവസായികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**തൊഴിലും നൈപുണ്യവും വകുപ്പ്**

**ലേബർ വകുപ്പ്**

1.. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് (ആവാസ്) പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും തുടർ പദ്ധതിയായി നടപ്പിലാക്കി വരുകയും ചെയ്യുന്നു.
2.ബീഡി ചുരുട്ട് തൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി 20 കോടി രൂപ പ്രഖ്യാപിച്ച പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**വ്യാവസായിക പരിശീലന വകുപ്പ്**

1. ഐ.ടി.ഐകളുടെ ആധുനികവൽക്കരണം

2.പെരുമാട്ടി, വാമനപുരം, ചാത്തമംഗലം, ധർമ്മടം, ഹൊസ്ദുർഗ്ഗ് , കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്ന പദ്ധതി
3. കളമശ്ശേരി ഐ.ടി.ഐ മോഡൽ ഐ.ടി.ഐ ആക്കി മാറ്റുന്ന പദ്ധതി
4. ജോബ്സ് ആന്റ് സ്കിൽസ് ഡവലപ്മെന്റ് പരിപാടികൾക്ക് M/s KASE ന് 35 കോടി രൂപ വകയിരുത്തി (സംസ്ഥാന നൈപുണ്യ വികാസ യജ്ഞം, മോഡൽ ഐ.ടി.ഐ, സ്കിൽ സ്ട്രെഗ്തനിംഗ് ഫോർ ഇൻഡസ്ട്രിയൽ വാല്യൂ എൻഹാൻസ്മെന്റ്)
എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകി, തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതികൾക്ക് സാങ്കേതികാനുമതി ആവശ്യമില്ല.

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ്**

1. കെ-ഫോൺ
2. ഹാർഡ് വെയർ മിഷൻ

മേൽ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**വനം വന്യജീവി വകുപ്പ്**

മൃഗക്ഷേമം സംബന്ധിച്ച അന്തർ ദേശീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് കോട്ടൂരിൽ ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**ഭക്ഷ്യപൊതുവിതരണ വകുപ്പ്**

പൊതുഭരണ വകുപ്പിൽ 2017-18 ലെ ബഡ്ജറ്റിൽ റേഷൻകടകളിലെ ഭക്ഷ്യധാന്യങ്ങളുടെ ചോർച്ചയും അതുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികളും കുറച്ചു കൊണ്ടുവരുന്നതിനായി കടകൾ കമ്പ്യൂട്ടർവത്കരിക്കുകയും ബയോമെട്രിക് ഉപകരണം (ഇ-പോസ്) സ്ഥാപിച്ച് ഭക്ഷ്യധാന്യങ്ങളുടെ വില്പന നടത്തുകയും അതുവഴി റേഷൻ വിതരണത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതി.

മേൽ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ആവശ്യമില്ല.

**പൊതുമരാമത്ത് വകുപ്പ്**

**ദേശീയപാത വിഭാഗം**

1. കരമന- കളിയിക്കാവിള രണ്ടാം ഘട്ടം - പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെ 7.256 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 266.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള രണ്ട് ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 98.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
2.കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം- ദേശീയപാത 17 ലെ കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണത്തിന് 20 കോടി രൂപയുടെ എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.
3. തീരദേശ ഹൈവേയുടെ നിർമ്മാണം- തിരദേശ ഹൈവേയുടെ വികസനത്തിന് 6500 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം കിഫ്ബി മുഖേന നൽകിയിട്ടുണ്ട്.

**കെട്ടിട വിഭാഗം**

ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ

കണ്ണൂർ

1. സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ -

- തോട്ടട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

2. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള രണ്ടാമത്തെ പൊതു വിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട സ്കൂളുകൾ -

- വേങ്ങാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
- ചാല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

<u>ഭരണാനുമതി നൽകിയവ</u>

<u>തിരുവനന്തപുരം</u>

എം.എൽ.എ ഹോസ്റ്റലിലെ പമ്പാ ബ്ലോക്കിന് പകരം പുതിയ ബഹുനില കെട്ടിട നിർമ്മാണം

<u>പത്തനംതിട്ട</u>

1. വെച്ചൂച്ചിറ കോളനി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
2. കോന്നി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
3. അടൂർ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ
4. പെരിങ്ങനാട് റ്റി. എം. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
5. ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
6 കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
7. നാരങ്ങാനം ഗവൺമെന്റ് ഹൈസ്കൂൾ
8.കന്നത്താനം പാലക്കൽ തകിടി സെന്റ്മേരീസ് ഗവൺമെന്റ് ഹൈസ്കൂൾ
9. കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ
10. അടൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

<u>ആലപ്പുഴ</u>

1. കലവൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
2.എസ്.എൽ. പുരം ജി.എസ്.എം.എച്ച്.എസ്.എസ്.
3. നാലുചിറ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ

<u>കണ്ണൂർ</u>

1. സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ-

പെരളശ്ശേരി എ.കെ.ജി സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
ചിറക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
പാട്യം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

2. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള രണ്ടാമത്തെ പൊതു വിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട സ്കൂളുകൾ -

കതിരൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
ചാവശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
മയ്യിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ
മാതമംഗലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്**

1. പുനർജനി പദ്ധതി- ബജറ്റിൽ 50 ലക്ഷം രൂപ അനുവദിക്കുകയും തുക പൂർണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്ക് അധികമായി അനുവദിച്ച നൽകിയ 67.23 ലക്ഷം രൂപയും 2017-18 ൽ പൂർണമായും ചെലവഴിച്ചിട്ടുണ്ട്.
2. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ- ടി പദ്ധതികളുടെ നിർവ്വഹണ ജോലികൾ നടന്നുവരുന്നു.

**കോളേജ് വിദ്യാഭ്യാസ വകുപ്പ്**

1.ഉന്നതതല വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സെല്ലുകളുടെ രൂപീകരണം.
2. കൈരളി റിസർച്ച് അവാർഡ്

മേൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ആരോഗ്യ- കുടുംബക്ഷേമ വകുപ്പ്**

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള പഠനത്തിനും ഗവേഷണങ്ങൾക്കും വേണ്ടി അന്തർ ദേശീയ നിലവാരത്തിലുള്ള ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**ഹോമിയോ വകുപ്പ്**

പുതിയ 10 ഹോമിയോ ഡിസ്പെൻസറികളുടെ ആരംഭം - പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഭാരതീയ ചികിത്സാ വകുപ്പ്**

1. വിദ്യാലയ ആരോഗ്യ പദ്ധതികൾ
2. ജീവനി- പുനർന്നവ
3.തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം
4. പകർച്ചവ്യാധികളും പ്രകൃതി ദുരന്തവും തടയൽ
5.ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും
6. ദേശീയ ആയുഷ് മിഷൻ
7. സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്
8. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും ആധുനികവത്കരണവും
9. നിർമ്മാണ പ്രവർത്തനങ്ങൾ
10. ഔഷധി

എല്ലാ പദ്ധതികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പ്**

1.ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
2.പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രാരംഭഘട്ടമായി,

170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 23 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ കെഎംഎസ് സിഎൽ നും 2 കോടി രൂപ പിഡബ്ല്യൂ ഡി യ്ക്കും നൽകിയിട്ടുണ്ട്.
4. രോഗീ സൗഹൃദ ആശുപത്രി സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.
5. നഴ്സിംഗ് സേവനം ശക്തിപ്പെടുത്തുന്നതിന് 1.47 കോടി രൂപയുടെ ഭരണാനുമതി നൽകി.
6.തിരുവനന്തപുരം ജില്ലയിൽ ഒരു അത്യന്താധുനിക രക്ത ബാങ്ക് സ്ഥാപിക്കുന്നതിന് 2 കോടി രൂപ ബ്ലഡ് ബാങ്ക് സൊസൈറ്റിയ്ക്ക് അനുവദിച്ചിട്ടുണ്ട്.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

1. 8 മെഡിക്കൽ കോളേജുകളിൽ ഒ.പി ട്രാൻസ്ഫർമേഷൻ- 51.8184 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.
2. രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കുന്നതിനായി 11.8666 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.
3. മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനായി 22.81 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.

**ടൂറിസം വകുപ്പ്**

1.നിശാഗന്ധി ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ, ഓണാഘോഷം, ട്രൈബൽ ഡാൻസ് ഫെസ്റ്റിവൽ, പൂരം, തെയ്യം, ഉത്സവങ്ങൾ, വള്ളംകളി മത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചാരം നൽകുന്നതിനും ഉള്ള പദ്ധതികൾക്ക് ഭരണാനുമതി നല്കി.
2.ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം നൽകുന്നതിനും വള്ളംകളി പ്രോത്സാഹനത്തിനുമുള്ള പദ്ധതികൾക്ക് ഭരണാനുമതി നല്കി.
3.ടൂറിസം ഗസ്റ്റ്ഹൗസുകളുടെ അപ്ഗ്രേഡേഷനും ഗുരുവായൂർ, തിരുവനന്തപുരം, സുൽത്താൻബത്തേരി, പീരുമേട്,കോഴിക്കോട്, പൊൻമുടി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും 31 കോടി രൂപ.
4.ടൂറിസം പ്രോജക്ടുകൾ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടും പുതുതായി ഏറ്റെടുക്കാൻ പോകുന്ന തലശ്ശേരി, ആലപ്പുഴ സ്പൈസ് റൂട്ട് പ്രോജക്ടുകളുമാണ്.
5.കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, അതിരപ്പള്ളി, വയനാട്, വർക്കല, നെയ്യാർ, അഷ്ടമുടി, തെന്മല, ശബരിമല, വേമ്പനാട്, വാഗമൺ, ചെറായി, പീച്ചി, ഗുരുവായൂർ, മലമ്പുഴ, നെല്ലിയാമ്പതി, നിള, നിലമ്പൂർ, കാപ്പാട്, ഇരിങ്ങൽ, തുഷാരഗിരി എന്നിവയുടെയും മറ്റു ചെറുകിട ഡെസ്റ്റിനേഷനുകളുടെയും പശ്ചാത്തല സൗകര്യവികസനം
6.മലബാറിലെ കായലുകളും നദികളും കൂട്ടിയിണക്കി ടൂറിസം വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
7.ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റിന്റെ പ്രധാനപ്പെട്ട ഭാഗമായുള്ള ചെറുതും വലുതുമായ കനാലുകളുടെ നവീകരണം.
8.ധർമ്മടം-മുഴപ്പിലങ്ങാട്, ചെത്തി-മാരാരിക്കുളം എന്നീ ടൂറിസം ഡെസ്റ്റിനേഷനുകളുടെ പശ്ചാത്തല സൗകര്യമൊരുക്കുന്നത്- കിഫ്ബി മുഖാന്തിരം.

മേൽ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**വനിതാ ശിശുക്ഷേമ വകുപ്പ്**

1. അങ്കണവാടി കെട്ടിടനിർമ്മാണം - ഭരണാനുമതി നൽകിയിട്ടുണ്ട്.
2. ആഫ്റ്റർ കെയർ ഹോം - നിലവിൽ മൂന്ന് ആഫ്റ്റർ കെയർ ഹോമുകൾ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. നിലവിൽ കൊല്ലം ജില്ലയിൽ ഒരു ആഫ്റ്റർ കെയർ ഹോം (പെൺകുട്ടികൾ), കോഴിക്കോട് ജില്ലയിൽ ഒരു

ആഫ്റ്റർ കെയർ ഹോം (പെൺകുട്ടികൾ), തലശ്ശേരിയിൽ ആൺകുട്ടികൾക്ക് ഒരു ആഫ്റ്റർ കെയർ ഹോം എന്നിവ പ്രവർത്തിച്ചു വരുന്നു. വകുപ്പിനു കീഴിലുള്ള ചിൽഡ്രൻസ് ഹോമിൽ നിന്ന് വിടുതൽ ചെയ്യുന്ന ആൺകുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ആഫ്റ്റർ കെയർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് HLFPPT യുടെ സഹായത്തോടെ നാല് ഹോമുകൾ കേന്ദ്രീകരിച്ച് ആഫ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നതിന് 21.08.2020 ൽ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി 32 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുടർന്ന് വകുപ്പിന് കീഴിലുള്ള ബാക്കി ചിൽഡ്രൻസ് ഹോമുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് 02.03.2022 ലെ G.O (Rt) No. 100/2022/WCDD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പ്

### ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

1.തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ ഓരോ റവന്യൂ ഡിവിഷനൽ ഓഫീസുകൾ
2.കുന്നംകുളം, പയ്യന്നൂർ താലൂക്ക് ഓഫീസ് രൂപീകരണം
3. 60 വില്ലേജുകളെ സ്മാർട്ട് ഓഫീസാക്കാൻ 15 കോടി രൂപ
4.കമ്പ്യൂട്ടറൈസേഷൻ ശക്തിപ്പെടുത്തുന്നതിന് 16 കോടി രൂപ
5.വില്ലേജ് ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 15 കോടി രൂപ
6.സ്റ്റാഫ് ക്വാർട്ടേഴ്സിന് 8 കോടി രൂപ.

മേൽ പദ്ധതികൾക്കെല്ലാം ഭരണാനുമതിയും സാങ്കേതികാനുമതിയും 58 കോടി രൂപയ്ക്ക് നൽകിയിട്ടുണ്ട്.

### സർവ്വേയും ഭൂരേഖയും വകുപ്പ്

ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റെക്കോർഡ് സർവീസ് ഡെലിവറി പ്രോജക്റ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

## തുറമുഖ വകുപ്പ്

1. വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിന്റെ ഫീഡർ തുറമുഖമായി ഇനുള്ള കാർഗോ പോർട്ട് വികസിപ്പിക്കുന്ന പദ്ധതിയ്ക്ക് 22 കോടി രൂപ
2. തങ്കശ്ശേരി, മുനമ്പം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾക്ക് 46 കോടി രൂപ
3. പൊന്നാനി തുറമുഖം പി.പി.പി മാതൃകയിൽ വികസിപ്പിക്കുന്ന പദ്ധതി
4.ആലപ്പുഴ മറീന തുറമുഖത്തിന് 7.3 കോടി രൂപയും മറ്റ് ചെറുകിട തുറമുഖങ്ങൾക്ക് 4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.
5. തുറമുഖ ഡ്രഡ്ജിംഗിന് 13 കോടി രൂപ

മേൽ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

മോഡണൈസേഷൻ, റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഓഫ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്ന ശീർഷകത്തിൽ 11.25 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് 56 പ്രവൃത്തികൾക്ക് 16.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 45 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

## കേരളീയ പ്രവാസികാര്യ വകുപ്പ്

നോർക്ക- ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിന്റെയും ഡേറ്റബേയ്സിന്റെയും രൂപീകരണം, കമ്പോള ഗവേഷണം, നൈപുണ്യ നിയമനത്തോടനുബന്ധിച്ച് അതിന് മുൻപും ശേഷവും ഉള്ള സേവനങ്ങൾ, ലോക കേരളസഭ, ആഗോള സാംസ്കാരിക ഉത്സവം തുടങ്ങിയ എല്ലാ പദ്ധതികൾക്കും

ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ആവശ്യമില്ല.

**ഗതാഗത വകുപ്പ്**

1.സംസ്ഥാന ജല ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് 22 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.
2. കെഎസ്ആർടിസി യുമായി ബന്ധപ്പെട്ട് 9 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**സി.എസ്.ഐ.എൻ വകുപ്പ്**

കനാൽ വികസനത്തിനായി വകയിരുത്തിയ 70 കോടി രൂപയിൽ 2017-18 ഗ്രീൻബുക്കിൽ 2.43 കോടി രൂപയുടെ 9 ബോട്ടുജെട്ടികളുടെ നിർമ്മാണത്തിനായി ഭരണാനുമതിയും, ടി പ്രവർത്തികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്ക് 2.20 കോടി രൂപയുടെ ഭരണാനുമതിയും ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ചേർത്തല മുനിസിപ്പാലിറ്റിയിലെ വയലാർ കരിയമുട്ടം കായലിനും ഹൈവേ ബ്രിഡ്ജിനും ഇടയിലുള്ള ഭാഗത്ത് എ.എസ് കനാലിന്റെ ആഴം കൂട്ടലും പാർശ്വ സംരക്ഷണവും പ്രവൃത്തിക്ക് ഭരണാനുമതി നല്കി. സാങ്കേതികാനുമതിയ്ക്കായുള്ള നടപടികൾ നടന്നുവരുന്നു.

**ഭവന നിർമ്മാണ വകുപ്പ്**

ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കീഴിൽ നടപ്പാക്കുന്ന ആശ്വാസ് റെന്റൽ സ്കീം പദ്ധതി.

**ആഭ്യന്തര വകുപ്പ്**

1) പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി കേന്ദ്രവിഹിതമടക്കം 50 കോടി രൂപ നാഷണൽ മോഡേണൈസേഷൻ ഓഫ് പോലീസ് ഫോർസസ് പദ്ധതി - ഭരണാനുമതി നൽകുകയും നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
2) പോലീസ് ഡിപ്പാർട്ട്മെന്റിന്റെ സാങ്കേതിക നവീകരണത്തിന് 12 കോടി രൂപ.- തുക അനുവദിക്കുകയും ഭരണാനുമതി നൽകുകയും നിർവ്വഹണം ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
3) വനിതാ ബറ്റാലിയൻ രൂപീകരിക്കുന്നതിന് ആദ്യ ഘട്ടമായി 430 തസ്തികകൾ സൃഷ്ടിക്കൽ- ജി.ഒ (എം.എസ്) നം.15/2017/ഹോം തീയതി 30/03/2017 പ്രകാരം 451 തസ്തികകൾ അടങ്ങുന്ന വനിതാ ബറ്റാലിയൻ അനുവദിക്കുകയും വനിതാ കോൺസ്റ്റബിൾമാരുടെ പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
4) ബറ്റാലിയനുകളിൽ കമാൻഡോ പ്ലാറ്റൂൺ ആരംഭിക്കുന്നതിനു 210 പുതിയ തസ്തികകൾ സൃഷ്ടിക്കൽ- ജി.ഒ (എം.എസ്) നം.72/2017/ഹോം തീയതി 31/03/2017 പ്രകാരം ഇന്ത്യ റിസർവ്വ് ബറ്റാലിയൻ കമാൻഡോ വിഭാഗത്തിൽ 210 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.
5) ഡ്രൈവർമാരുടെ 400 പുതിയ തസ്തികകൾ സൃഷ്ടിക്കൽ- ജി.ഒ (എം.എസ്) നം.7/2017/ഹോം തീയതി 17/01/2017 പ്രകാരം 400 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.
6) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 100 സ്കൂളുകളിൽ കൂടി നടപ്പിലാക്കുന്നതിനു 9 കോടി രൂപ- തുക ആനുവദിക്കുകയും ഭരണാനുമതി നൽകുകയും നിർവ്വഹണം ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
7) സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനും ലിംഗവിവേചനത്തിനെതിരെയുള്ള അവബോധത്തിനും 6 കോടി രൂപ- തുക അനുവദിക്കുകയും ഭരണാനുമതി നൽകുകയും നിർവ്വഹണം ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
8) മട്ടന്നൂർ എയർ പോർട്ട്, പന്തീരാംകാവ്, മേൽപ്പറമ്പ്, കണ്ണനല്ലൂർ, ഉടുമ്പഞ്ചോല, ഇലവുംതിട്ട എന്നീ ആറ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കൽ - ജി.ഒ (എം.എസ്) നം.216/2017/ഹോം തീയതി 26/10/2017 പ്രകാരം ഭരണാനുമതി നൽകി, ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

**സാംസ്കാരികകാര്യ വകുപ്പ്**

1.ആധുനിക നിലവാരത്തിലുള്ള തീയറ്റർ സമുച്ചയം സ്ഥാപിക്കുന്നതിന് കെഎസ്എഫ്ഡിസി യ്ക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2. 1000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

3. ജനപങ്കാളിത്തത്തോടെ റെക്കോർഡുകളുടെ ഡിജിറ്റൽ ആർക്കൈവ്സ് പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ്**

1.ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ.

2. ഇ-സ്റ്റാമ്പിംഗ് പദ്ധതി

3. 100 വർഷത്തിലധികം പഴക്കമുള്ള 53 കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി.

മൂന്നു പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിയുടെ ആവശ്യമില്ല.

**ശാസ്ത്ര സാങ്കേതിക വകുപ്പ്**

സലിംഅലി ഫൗണ്ടേഷന്റെ വെള്ളാങ്ങല്ലൂർ വികസന പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**സഹകരണ വകുപ്പ്**

1.കേരള സഹകരണ ബാങ്ക് രൂപീകരണം – ഇതിനുള്ള പ്രാരംഭ പ്രവർത്തനമായി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ ഇവയുടെ ധനപരമായ പുനസംഘാടനത്തിനും റീക്യാപിറ്റലൈസേഷനും നടപടി സ്വീകരിക്കൽ.

2. റബ്കോ പുനരുദ്ധാരണ സ്കീം – റബ്കോയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ IIM കോഴിക്കോടിനെ ചുമതലപ്പെടുത്തി.

3.സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ പുനസംഘാടനത്തിന്റെ ഭാഗമായി സർക്കാരിലുള്ള കടങ്ങൾ ഷെയറാക്കി മാറ്റുകയും പലിശ എഴുതിത്തള്ളുകയും ചെയ്യുന്ന പദ്ധതി – പദ്ധതിയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

**കായിക വകുപ്പ്**

1. പി.റ്റി. ഉഷ അക്കാദമി 1 കോടി രൂപ- തുക അനുവദിച്ച നൽകി.
2. പറളി സ്കൂൾ മിനി സ്റ്റേഡിയം
3. മേപ്പയൂർ സ്കൂൾ മിനി സ്റ്റേഡിയം
4. ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
5. ഫറോഖ് ഗണപതി സ്കൂൾ മിനിസ്റ്റേഡിയം
6. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം
7. പയ്യന്നൂർ മുൻസിപ്പൽ സ്റ്റേഡിയം
8. തിരൂർ ഫുട്ബോൾ സ്റ്റേഡിയം
9.തൃശ്ശൂർ അക്വാട്ടിക്ക് കോംപ്ലക്സ്
10. വടകര ഇൻഡോർ സ്റ്റേഡിയം പയ്യന്നൂർ
11. പുനലൂർ മുൻസിപ്പൽ സ്റ്റേഡിയം

മേൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**<u>കൃഷി വകുപ്പ്</u>**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

1. സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുക.
2. പ്രാദേശിക സവിശേഷതകൾ ഉള്ള കാർഷികോല്പന്നങ്ങളുടെ കൃഷി- അട്ടപ്പാടി മേഖലയിൽ മില്ലറ്റ് വില്ലേജ് ഉൾപ്പെടെ ആദിവാസി മേഖലകളിൽ റാഗി, മില്ലറ്റ് തുടങ്ങിയ വിളകൾക്കും മറയൂർ ശർക്കര പോലുള്ളവയ്ക്കും പ്രോത്സാഹനം നൽകുന്ന പദ്ധതി
3. കേരളത്തിലെ ജൈവ വൈവിധ്യം തനത് ഇനങ്ങളുടെ ജേം പ്ലാസം എന്നിവ സംരക്ഷിക്കുന്നതിനുള്ള പദ്ധതി.
4.വയനാട് പാക്കേജിൽ വയനാടിന്റെ തനത് നെല്ലിനങ്ങളുടെ പ്രോത്സാഹനം
5. നെല്ല്, പച്ചക്കറി, വാഴ, പൂക്കൾ, നാളികേരം എന്നിവയ്ക്കായി പ്രത്യേക കാർഷിക മേഖലകളിലെ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന പദ്ധതി.

എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ആവശ്യമില്ല.

**കേരള കാർഷിക സർവ്വകലാകശാല**

കേരളത്തിന്റെ ജൈവവൈവിധ്യവും തനത് ഇനങ്ങളുടെ ജേംപ്ലാസവും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള സ്കീം- കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**<u>ധനകാര്യ വകുപ്പ്</u>**

**ട്രഷറി ഡയറക്ടറേറ്റ്**

ട്രഷറി ഭൗതികസൗകര്യ നവീകരണ പദ്ധതി- ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായി ഇൻകലിനെ തീരുമാനിച്ചു, പ്രവർത്തനം ആരംഭിച്ചു.

**<u>സാമൂഹ്യ നീതി വകുപ്പ്</u>**

1. വയനാട് , മലപ്പുറം ജില്ലകൾ ബാരിയർ ഫ്രീ ആക്കുന്നതിനായി യഥാക്രമം 6,11,20,000/-, 8,88,80,000/-രൂപ വീതം ആകെ 15 കോടി രൂപ
2. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്.
3.ട്രാൻസ്ജെന്ററുകളുടെ ഐഡി കാർഡ് വിതരണം, വിദ്യാഭ്യാസ ധനസഹായം, തുടർ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, നൈപുണ്യ വികസന പരിപാടി, ജൻഡർ അഫർമേഷൻ സർജറി കഴിഞ്ഞവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കെയർ ഹോം തുടങ്ങിയ വിവിധ പദ്ധതികൾക്ക് അനുമതിയായി.

മേൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**<u>ഫിഷറീസ് വകുപ്പ്</u>**

1. ഉൾനാടൻ മത്സ്യമേഖലയ്ക്ക് 49 കോടി. കായൽ അലങ്കാര മത്സ്യകൃഷി പദ്ധതി പുനരുദ്ധരിക്കുന്ന പദ്ധതി.
2. കടൽവിഭവശോഷണത്തിന് എതിരെയുള്ള ഇടപെടലുകൾക്ക് 5 കോടി.
3.പഞ്ഞമാസ സമാശ്വാസ പദ്ധതി 3600 രൂപ വീതം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ അധിക പണം അനുവദിക്കുന്ന പദ്ധതി.
4.മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് നഷ്ടപരിഹാര തുക മരിക്കുന്നവർക്കും കാണാതാകുന്നവർക്കും 10 ലക്ഷം രൂപയായും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 5 ലക്ഷം രൂപയായും ഉയർത്താൻ പദ്ധതി.
5. അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്
6. മത്സ്യബന്ധനോപകരണങ്ങൾക്ക് ഇൻഷ്വറൻസ്

7. മറൈൻ ആംബുലൻസിനായി 2 കോടി രൂപ
8. മണ്ണെണ്ണ സബ്സിഡിയ്ക്കായി 25 കോടി രൂപ
9. കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ സ്കീമിൽ സംസ്ഥാന വിഹിതമടക്കം 40 കോടി രൂപ. ഇത് മുഖ്യമായും മത്സ്യകൃഷിക്കും മൂല്യവർദ്ധന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കൽ.
10. തീരദേശ വികസനത്തിന് 216 കോടി രൂപ. 24851 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടൽ തീരത്ത് നിന്ന് 50 മീറ്റർ ദൂരത്തിനുള്ളിലാണ് താമസിക്കുന്നത്. ഇവരിൽ ഒരു വിഭാഗം അതീവ അപകട മേഖലയിലാണ്. ഇവരുടെ പുനരധിവാസത്തിനുവേണ്ടി 150 കോടി രൂപ. തീരത്തു ജൈവസംരക്ഷണ ഭിത്തി സൃഷ്ടിക്കൽ. തീരദേശത്തെ റോഡ് ഒഴികെയുള്ള മറ്റു വികസന പരിപാടികൾക്ക് 56 കോടി രൂപ വകയിരുത്തുന്നു
11. 20 കോടി രൂപ നബാർഡിന്റെ ധനസഹായം.
12.വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പുനരധിവാസത്തിന് മുൻഗണന-പുനരധിവാസത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്ന പ്രവൃത്തി നടന്നുവരുന്നു.
13.മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനുവേണ്ടി 50 കോടി രൂപ – തുക ലഭ്യമാക്കി പെൻഷൻ അനുവദിച്ചു വരുന്നു.

എല്ലാ പദ്ധതികൾക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**<u>മൃഗസംരക്ഷണ വകുപ്പ്</u>**

കന്നുകാലി ഇൻഷുറൻസ്, കന്നുകാലി പരിപാലന പദ്ധതി എന്നിവയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

**<u>ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്</u>**

1. 39 കോടി രൂപയിൽ 38.56 കോടി രൂപ വിനിയോഗിച്ച് അഗ്നിശമന/ ജീവൻരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകി.
2. കൊയിലാണ്ടി, കോങ്ങാട് എന്നിവിടങ്ങളിൽ അഗ്നിശമന സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി ഭരണാനുമതി നൽകി.

Dinsha